# ഒന്നാം പാദവാർഷിക മൂല്യനിർണയം 2015–16

മലയാളം

സ്റ്റാൻഡേർഡ് : VII     കേരള പാഠാവലി     സമയം : 2 മണിക്കൂർ

**നിർദേശങ്ങൾ**

1. മൂല്യനിർണയ പ്രവർത്തനത്തിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം

**പ്രവർത്തനം 1.**

(എ) "എന്റെ ഭായിക്ക് വെള്ളക്കല്ലാണിഷ്ടം." അതു പറഞ്ഞു തീർന്നപ്പോൾ ആ ചുണ്ടുകൾ വിതുമ്പാൻ തുടങ്ങി. വെള്ളക്കല്ലിന്റെ കടലാസുപൊതി യാത്രികനു നൽകിയ ആ രാത്രി സിംലയ്ക്ക് ഉറങ്ങാനേ കഴിഞ്ഞില്ല. 'അളകനന്ദയിലെ വെള്ളാരങ്കല്ലുകൾ' എന്ന പാഠഭാഗത്തിലെ സിംലയ്ക്ക് മറക്കാൻ കഴിയാത്ത ദിവസമായിരുന്നു അന്ന്. ആ ദിവസം സിംല എഴുതാനിടയുള്ള ഡയറിക്കുറിപ്പ് എന്തായിരിക്കും? എഴുതുക.

(ബി) ഇവിടെ സൂചിപ്പിക്കുന്ന യാത്രികൻ ആരാണ്?
(എസ്.കെ പൊറ്റക്കാട്, രാജൻ കാക്കനാടൻ, സന്തോഷ് ജോർജ്ജ് കുളങ്ങര)

**പ്രവർത്തനം 2.**

**തുമ്പപ്പൂ**

മാനിച്ചോരോ മലരുകൾ ചെന്നു
മാബലിമന്നനെയെതിരേൽക്കാൻ

തങ്കച്ചാറിൽ തനു മിന്നും പടി
മുങ്ങിച്ചെന്നു മുക്കുറ്റി
പാടലമാം പട്ടാടയൊടെത്തി
പാടത്തുള്ളൊരു ചിറ്റാട;
ആമ്പലിനുണ്ടു കിരീടം; നെല്ലി-
യ്ക്കഴകിലുമുണ്ടൊരു സൗരഭ്യം!
കരൾ കവരുന്നൊരു നിറമോ മണമോ
കണികാണാത്തൊരു തുമ്പപ്പൂ.

വ്രീളയൊതുക്കിയണഞ്ഞു, കാലടി
പോലെയിരിക്കും തുമ്പപ്പൂ!
ദേവൻ കനിവൊടു നറുമുക്കുറ്റി-
പ്പൂവിനെയൊന്നു കടാക്ഷിച്ചു
കുതുകാൽത്തടവിച്ചിറ്റാടപ്പൂ
കൂടുതലൊന്നു തുടുപ്പിച്ചു!

പുളകം കൊള്ളുക തുമ്പപ്പൂവേ,
പൂക്കളിൽ നീയേ ഭാഗ്യവതി!

**[കുന്നിമണികൾ]** **[വൈലോപ്പിള്ളി]**

(തനു - ശരീരം, പാടലം - ഇളം ചുവപ്പുനിറം, വ്രീള - ലജ്ജ)

- [കവിതയിൽ പരാമർശിച്ചിട്ടുള്ള പൂക്കൾ, • തുമ്പപ്പൂവിന്റെ പരിമിതികൾ,
- ഓരോ പൂക്കളോടുമുള്ള മാബലി മന്നന്റെ പ്രതികരണം.]

(എ) ഈ സൂചനകളെ അടിസ്ഥാനമാക്കി കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

(ബി) "പൂക്കളിൽ നീയേ ഭാഗ്യവതി!" - ആരാണ് ഭാഗ്യവതി?
(മുക്കുറ്റി, ആമ്പൽ, തുമ്പ)

**പ്രവർത്തനം 3.**

'പിറ്റേന്നു കാലത്ത് ഭാര്യ വന്നു കുലുക്കി വിളിച്ചു. ചന്ദ്രേട്ടനെ കാണാനില്ല. ഞാനൊരു ഞെട്ടലോടെ ചാടിയെണീറ്റു. ഒലക്കോട്ടിലെത്തി. കോഴിക്കൂടിനു പുറത്ത് പുൽപ്പായ മടക്കിവച്ചിട്ടുണ്ട്. ഭിത്തിയിലെ കായസഞ്ചി കാണാനില്ല. ഭാര്യ അലമാരയും മറ്റും പരിശോധിച്ച് ആശ്വാസത്തോടെ മടങ്ങിവന്നു. ചന്ദ്രേട്ടൻ പോയെന്ന് എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല...'
'അടയ്ക്ക പെറുക്കുന്നവർ' എന്ന കഥയിലെ ഒരു ഭാഗമാണിത്. ചന്ദ്രേട്ടന്റെ അനുഭവങ്ങളിലൂടെ നിങ്ങളും കടന്നുപോയിട്ടുണ്ടല്ലോ.

വളരെ നാളുകൾക്കുശേഷം ജഗന് ചന്ദ്രേട്ടന്റെ ഒരു കത്ത് ലഭിക്കുന്നു എന്നു കരുതുക.
കത്തിൽ എന്തെല്ലാം ഉൾപ്പെടും?

- ജഗന്റെ വീട്ടിലെ അനുഭവങ്ങൾ
- ജഗനുമായുള്ള ബന്ധം.
- ചന്ദ്രേട്ടന്റെ ഇപ്പോഴത്തെ അവസ്ഥ.

എ. ചന്ദ്രേട്ടന്റെ **കത്ത്** സങ്കല്പിച്ചെഴുതുക.

ബി. മുറി

തേയ്ക്കാത്ത മുറി

മണമുള്ള തേയ്ക്കാത്ത മുറി

കുത്തരിയുടെ മണമുള്ള തേയ്ക്കാത്ത മുറി

ഇതുപോലെ പൂവ് എന്ന പദം വിശേഷണങ്ങൾ ചേർത്ത് എങ്ങനെ എഴുതാം?

**പ്രവർത്തനം 4.**

- ജനനം 1873 ഏപ്രിൽ 12 തിരുവനന്തപുരം കായിക്കര-
- പത്രാധിപർ, സെക്രട്ടറി
- കൃതികൾ - ഖണ്ഡകാവ്യങ്ങൾ
  കവിതാ സമാഹാരങ്ങൾ
  കാവ്യങ്ങൾ
- മരണം 1924 ജനുവരി 16 - പല്ലനയാറ്.

ഈ സൂചനകളുടെ അടിസ്ഥാനത്തിൽ നിങ്ങൾക്കറിയാവുന്ന കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി മഹാകവി കുമാരനാശാന്റെ **ജീവചരിത്രക്കുറിപ്പ്** തയ്യാറാക്കുക.

**പ്രവർത്തനം 5.**

പള്ളിമൂല യുപി സ്കൂളിലെ വായനാദിനം ഉദ്ഘാടനം ചെയ്തത് പ്രസിദ്ധ കഥാകൃത്തായ സന്തോഷ് ഏച്ചിക്കാനം ആണ്. ഉദ്ഘാടനത്തിനു ശേഷം അദ്ദേഹവുമായി സംസാരിക്കാൻ നിങ്ങൾക്കും അവസരം ലഭിച്ചെന്നിരിക്കട്ടെ. **അഭിമുഖത്തിനായി ചോദ്യങ്ങൾ** തയ്യാറാക്കുക. (സൂചനകൾ ശ്രദ്ധിക്കുമല്ലോ).

- ജീവചരിത്രം, പ്രവർത്തനമേഖല
- സന്ദർഭത്തിനനുസരിച്ചുള്ള ചോദ്യങ്ങൾ
- ഉത്തരങ്ങൾ കൂടുതൽ വ്യക്തമാക്കാനുള്ള ഉപചോദ്യങ്ങൾ